(2) നാളികേര വികസന ബോർഡ് പദ്ധതികൾപ്രകാരം കാറ്റുവീഴ്ച രോഗം ബാധിച്ച ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെറുകിട തോട്ടങ്ങളിൽ സംയോജിത കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുപുറമേ, ജൈവവള യൂണിറ്റുകളും സ്ഥാപിച്ചുവരുന്നു.

(3) തെങ്ങ് കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കിണറുകൾ കുഴിക്കുക, പമ്പുസെറ്റുകൾ സ്ഥാപിക്കുക, സംയോജിത വളപ്രയോഗം, ജൈവവള വിത്തുവിതരണം, നല്ലയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും, വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുനീക്കൽ എന്നിവ സംസ്ഥാനാവിഷ്ക്കൃത പദ്ധതി മുഖേന നടത്തിവരുന്നു.

വിത്തുതേങ്ങ സംഭരണം

65 [1197] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ വിത്തുതേങ്ങ സംഭരിക്കുന്നത് ഏത് പ്രദേശത്ത് നിന്നാണ്;

(ബി) കുറ്റ്യാടിയിൽ നിന്ന് ഈ വർഷം വിത്തുതേങ്ങ ശേഖരണം ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഏതെങ്കിലും നാളികേര വിദഗ്ധരുടെ നിർദ്ദേശമുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഒൻപതോളം പഞ്ചായത്തുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ വിത്തുതേങ്ങ ശേഖരിക്കുന്നത്.

(ബി) വിത്തുതേങ്ങ സംഭരണത്തിൽ സംസ്ഥാനത്ത് ആകെയുണ്ടായ കുറവിന്റെ ആനുപാതികമായ കുറവു മാത്രമേ കുറ്റ്യാടിയിൽ നിന്നുള്ള സംഭരണത്തിൽ ഉണ്ടായിട്ടുള്ളൂ.

(സി) കേരള കാർഷിക സർവ്വകലാശാലയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

കോൾനില കൃഷി വികസനം

66 [1198] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ കൃഷി വികസനത്തിനുള്ള രണ്ടാംഘട്ട പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly